(എ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസത്തിനായി പിരിച്ചെടുത്ത സംഖ്യ വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്പോൾ പ്രസ്തുത അക്കൗണ്ടിൽ എത്ര സംഖ്യ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പലിശ ലഭിക്കാതെ പ്രസ്തുത ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗുജറാത്ത് ഗവൺമെന്റുമായി ചർച്ച ചെയ്ത് ഈ ഫണ്ട് പാവപ്പെട്ടവരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഈ ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുള്ളതായി ആക്ഷേപം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

*ഉത്തരം*

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേക്ക് 12,54,14,724 രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ 3,39,24,806 രൂപ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഗുജറാത്ത് ഭൂകമ്പ നിധിയിൽ 9,14,89,918 രൂപ നീക്കിയിരിപ്പുണ്ട്. ഗുജറാത്ത് ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്നുകോടി രൂപ ആദ്യഗഡുവായി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് ഗുജറാത്ത് ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുക വിനിയോഗിക്കുന്നതായിരിക്കും.

(ബി) ഭൂകമ്പ ദുരിതബാധിതർക്ക് അടിയന്തിര ആശ്വാസം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ട്രഷറി പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിച്ചത്.

(സി) ഭൂജിലെ ഗവൺമെന്റ് പോളിടെക്നിക്ക് 10 കോടി രൂപ ചെലവിൽ പുനർ നിർമ്മിക്കുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഇതിന്റെ ഒന്നാംഘട്ട പണിപൂർത്തിയായി വരുന്നു.

(ഡി) ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

**ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പിൻവലിച്ച തുക**

9 [3871] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 1-2-2002-ൽ ചെക്ക് നമ്പർ 44876 പ്രകാരം എത്ര സംഖ്യ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സംഖ്യ ഏതൊക്കെ ആവശ്യത്തിനാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 20-7-2002-ൽ എത്ര സംഖ്യ പിൻവലിച്ചുവെന്നും ഈ സംഖ്യ ഏത് ആവശ്യത്തിനാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഇതിനുശേഷം സംഖ്യ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തീയതികളിൽ എത്ര സംഖ്യ വീതം പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുജറാത്ത് ദുരിതാശ്വാസ ഫണ്ട് പലിശ ലഭിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ചതുകൊണ്ട് എത്ര തുക പലിശ ഇനത്തിൽ നഷ്ടപ്പെട്ടിരിക്കും എന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എത്രയാണെന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ) ഭുജിലെ ഗവൺമെന്റ് പോളിടെക്നിക്ക് 10 കോടി രൂപാ ചെലവിൽ പുനർ നിർമ്മിക്കുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഇതിന്റെ ആദ്യപടി എന്ന നിലയിൽ ഒന്നാം ഗഡുവായ മൂന്നു കോടി രൂപ 2-1-2002-ലെ SB/IJ 44827/6-ാം നമ്പർ ചെക്ക് പ്രകാരം പിൻവലിക്കുകയും ഈ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഗുജറാത്ത് ചീഫ് സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതുമാണ്.

(ബി) ഗുജറാത്ത് ഭൂകമ്പ ദുരന്തത്തിൽ മരണപ്പെട്ട മലയാളികളുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി 6 ലക്ഷം രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്.

(സി) 7-10-2003-ൽ 1,80,000 രൂപ ഗുജറാത്ത് ഭൂകമ്പ ദുരന്തത്തിൽ മരണപ്പെട്ട മലയാളികളുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്ക് പിൻവലിച്ചിരുന്നു.

(ഡി) ഇല്ല.

**സംസ്ഥാനത്ത് ചെലവ് ചുരുക്കൽ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ**

10 [3872] *ശ്രീ. സി. മമ്മൂട്ടി* :
,, *കെ. എൻ. എ. ഖാദർ*:
,, *പി. കെ. കെ. ബാവ*:
,, *കളത്തിൽ അബ്ദുള്ള*:
,, *ചെർക്കളം അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംസ്ഥാനത്ത് ചെലവ് ചുരുക്കൽ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly